**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2605** **17-03-2022 - ൽ മറുപടിയ്ക്ക്**

**കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ സർക്കാർ അടിയന്തരമായി ഭേദഗതി ആവശ്യപ്പെട്ടതിനെ തുടർന്ന് 1.1.2020 നം 3.1.2020 നം വ്യവസായ (എ) വകുപ്പിലേയ്ക്ക് അയച്ച പ്രൊപ്പോസൽ നിയമ വകുപ്പിന്റെ പരിശോധനയ്ക്ക ശേഷം അംഗീകരിച്ച് വ്യവസായ വകുപ്പിലേയ്ക്ക് തുടർ നടപടിക്കായി അയച്ചെങ്കിലും പ്രസ്തുത ഭേദഗതി നാളിതുവരെ ചട്ടങ്ങളിൽ വരാത്തതിന്റെ കാരണം വിശദമാക്കുമോ; ചട്ടങ്ങളിൽ പ്രസ്തുത ഭേദഗതി വരുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) | വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.11.2019 ന് ചേർന്ന യോഗനടപടി തീരുമാനം അനുസരിച്ചുള്ള ഭേദഗതികൾ കൊണ്ടുവരുവാനാണ് തീരുമാനിച്ചത്. 01.01.2020 നം 03.01.2020 നം ഭരണവകുപ്പിന് ലഭ്യമാക്കിയ കരട് ചട്ടങ്ങൾ ടി യോഗ തീരുമാനമനുസരിച്ചുള്ളതായിരുന്നില്ല. ചില കരട് ഭേദഗതി ചട്ടങ്ങൾ ക്രമപ്രകാരമല്ലാത്തതിനാൽ ആയത് നിയമ വകുപ്പ് ഒഴിവാക്കുകയും ചിലത് ആക്ട് അനുസരിച്ച് ഭേദഗതി ചെയ്യുകയും ചെയ്തു. കരട് ഭേദഗതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഭേദഗതികളും ആവശ്യമാണോയെന്നത് പരിശോധിക്കേണ്ടതും അതനുസരിച്ച് ഒരു തീരുമാനമെടുക്കേണ്ടതുമാണെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടു. അപ്രകാരം ഭേദഗതി വരുത്തിയ കരട് ചട്ടങ്ങൾ നിയമവകുപ്പിന്റെ സൂക്ഷപരിശോധനയ്ക്കായി അയയ്ക്കുകയും നിയമവകുപ്പ് ബന്ധപ്പെട്ട ആക്ടുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തി ഭേദഗതി ചട്ടങ്ങൾ ഭേദഗതി ചെയ്ത പ്രകാരം ക്രമത്തിലാണെന്ന അഭിപ്രായം അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതി ചട്ടങ്ങൾ മന്ത്രിസഭ അംഗീകരിക്കുകയും 12.06.2020 ലെ ജി.ഒ(പി)16/ 2020/വ്യവ നം. (എസ്.ആർ.ഒ.391/2020) ആയി പുറപ്പെടുവിക്കുകയും ചെയ്തു. |
| (ബി) | ചട്ടങ്ങളിൽ നിയമ വകുപ്പ് അംഗീകാരം നൽകിയ മേൽപ്പറഞ്ഞ ഭേദഗതികൾ വരുത്താതെ 2020 മേയ് മാസത്തിൽ മൈനിങ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടറുടെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ സർക്കാരിൽ നിന്നും ആവശ്യപ്പെടാതെ തന്നെ സർക്കാരിലേയ്ക്ക് അയച്ച ഭേദഗതി പ്രൊപ്പോസൽ അംഗീകാരം ലഭിച്ച് 12.06.2020 ന് ചട്ടങ്ങളിൽ | (ബി) | വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.11.2019 ന് ചേർന്ന യോഗനടപടി തീരുമാനം അനുസരിച്ചുള്ള ഭേദഗതികൾ കൊണ്ടുവരുവാനാണ് തീരുമാനിച്ചത്. 01.01.2020 നം 03.01.2020 നം ഭരണവകുപ്പിന് ലഭ്യമാക്കിയ കരട് ചട്ടങ്ങൾ ടി യോഗ തീരുമാനമനുസരിച്ചുള്ളതായിരുന്നില്ല. ചില കരട് ഭേദഗതി ചട്ടങ്ങൾ ക്രമപ്രകാരമല്ലാത്തതിനാൽ ആയത് നിയമ വകുപ്പ് ഒഴിവാക്കുകയും ചിലത് ആക്ട് |

| | | | |
|---|---|---|---|
| | ഭേദഗതിയായി വന്നതിന്റെ കാരണം വിശദമാക്കുമോ? | | അനുസരിച്ച് ഭേദഗതി ചെയ്യുകയും ചെയ്തു. കരട് ഭേദഗതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഭേദഗതികളും ആവശ്യമാണോയെന്നത് പരിശോധിക്കേണ്ടതും അതനുസരിച്ച് ഒരു തീരുമാനമെടുക്കേണ്ടതുമാണെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ടു. അപ്രകാരം ഭേദഗതി വരുത്തിയ കരട് ചട്ടങ്ങൾ നിയമവകുപ്പിന്റെ സൂക്ഷപരിശോധനയ്ക്കായി അയയ്ക്കുകയും നിയമവകുപ്പ് ബന്ധപ്പെട്ട ആക്ടുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തി ഭേദഗതി ചട്ടങ്ങൾ ഭേദഗതി ചെയ്ത പ്രകാരം ക്രമത്തിലാണെന്ന അഭിപ്രായം അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതി ചട്ടങ്ങൾ മന്ത്രിസഭ അംഗീകരിക്കുകയും 12.06.2020 ലെ ജി.ഒ(പി)16/ 2020/വ്യവ നം. (എസ്.ആർ.ഒ.391/2020) ആയി പുറപ്പെടുവിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ